3364
24/3/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് – ഭരണച്ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ (2014 – 2015) ബഡ്ജറ്റ് വിഹിതത്തിന്റെ ബാക്കിയുള്ള തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.151/2015/സാനീവ തീയതി, തിരുവനന്തപുരം, 20.03.2015

================================================================================

പരാമർശം: 1. സ.ഉ.(സാധാ) നം. 652/2014/സാനീവ തീയതി 31.10.2014

2. കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് സെക്രട്ടറിയുടെ 9.02.2015 ലെ KSWB2/Accts/State share/2014-15/755 നമ്പർ കത്ത്

ഉത്തരവ്

കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെ ഭരണച്ചെലവുകൾക്കായി സംസ്ഥാന വിഹിതമായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ നിന്ന് ആദ്യഗഡുവായി 21.50 ലക്ഷം (ഇരുപത്തി ഒന്ന് ലക്ഷത്തി അൻപതിനായിരം) രൂപ പരാമർശം (1) പ്രകാരം ബോർഡിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2014-15 വർഷത്തെ സംസ്ഥാന വിഹിതത്തിന്റെ ബാക്കി തുകയായ 21,88,428/- രൂപയും ( ഇരുപത്തി ഒന്ന് ലക്ഷത്തി എൻപത്തി എട്ടായിരത്തി നാന്നൂറ്റി ഇരുപത്തി എട്ട് രൂപ ) ചെയർപേഴ്സന്റെ ഹോണറേറിയമായ 1,44,000/- രൂപ ( ഒരുലക്ഷത്തി നാല്പത്തി നാലായിരം രൂപ)ഉൾപ്പെടെ **23,32,428/-** രൂപ ( ഇരുപത്തി മൂന്ന് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി നാന്നൂറ്റി ഇരുപത്തി എട്ട് രൂപ ) അനുവദിക്കണമെന്ന് പരാമർശം (2) ലെ കത്തു പ്രകാരം ബോർഡ് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാന സർക്കാരിൽ നിന്നും സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന് അനുവദിക്കാൻ ബാക്കിയുള്ള 21,00,000/- രൂപ ( ഇരുപത്തി ഒന്ന് ലക്ഷം രൂപ മാത്രം) അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തുക 2235-02-103-99 Social Welfare Board Contribution എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതാണ്. സാമൂഹ്യനീതി വകുപ്പിന്റെ അഡീഷണൽ സെക്രട്ടറി കൗണ്ടർ സൈൻ ചെയ്ത് ഗ്രാന്റ് - ഇൻ എയ്ഡ് ബിൽ പ്രകാരം തുക മാറേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എൽ.എ. ഗ്രിഗോറിയസ്**

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ്, തിരുവനന്തപുരം

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (11.3.2015 ലെ 14081/WW2/15//Fin പ്രകാരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്

വെബ് & ന്യൂ മീഡിയാ വിഭാഗം, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ